ഉത്തരം

(എ) ഉണ്ട്.

(ബി) മാതൃകാ അംഗൻവാടി നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള സ്ഥലം സ്ഥിതി ചെയ്യുന്നത് സ്കൂൾ കോമ്പൗണ്ടിലായതിനാൽ ആയത് ലഭ്യമാക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിന് അപേക്ഷ സമർപ്പിക്കുകയും 29-1-2015 പൊതുവിദ്യാഭ്യാസ ഉപഡയറക്ടറുടെ നിർദ്ദേശപ്രകാരം പ്രസ്തുത സ്കൂളിൽ 19-2-2015-ന് PTA യോഗം കൂടുകയും അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് തടസ്സമില്ലായെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടി സ്ഥലത്തിന്റെ ഓണർഷിപ്പ്, പൊസഷൻ സർട്ടിഫിക്കറ്റ്, പ്ലാൻ, സ്കെച്ച് എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഭൂമി ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ നേരിട്ടതിനാലാണ് കാലതാമസമുണ്ടായത്.

ബാലാവകാശ കമ്മീഷൻ

268 (3248) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. അജിത് :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങളും അവകാശ നിഷേധങ്ങളും സംബന്ധിച്ചിട്ടുള്ള പരാതികൾ വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം പരാതികളെ സംബന്ധിച്ചുള്ള അന്വേഷണം ഏതു രീതിയിലാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് ബാലാവകാശ കമ്മീഷൻ നിലവിലുണ്ടോ ; ഈ കമ്മീഷന്റെ പ്രധാന ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) ബാലാവകാശ കമ്മീഷനുകീഴിൽ പ്രത്യേക അന്വേഷണ സംഘങ്ങൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി വിരമിച്ച പോലീസുകാരുടെ സേവനം ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോലീസ്, ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ, ഏജൻസികൾ എന്നിവ മുഖേനയും അന്വേഷണ വിചാരണയിലൂടെയുമാണ് പരാതികൾ സംബന്ധിച്ച അന്വേഷണം നടത്തുന്നത്.

(ബി) ഉണ്ട്. കമ്മീഷന്റെ പ്രധാനപ്പെട്ട ചുമതലകൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

1. ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിലോ അതിൻകീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുകയും പുനഃപരിശോധിക്കുകയും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ ശിപാർശ ചെയ്യുകയും ചെയ്യുക.

2. കമ്മീഷന് യുക്തമെന്ന് കരുതുന്ന പക്ഷം അത്തരം സാഹചര്യങ്ങളിൽ റിപ്പോർട്ടുകൾ കേന്ദ്ര സർക്കാരിന് ഹാജരാക്കുക.

3. ബാലാവകാശ ലംഘനത്തിന്റെ അന്വേഷണ വിചാരണ നടത്തി, അങ്ങനെയുള്ള കേസുകളിൽ നടപടികൾക്ക് ശിപാർശ ചെയ്യുക.

4. കുട്ടികളുടെ അവകാശങ്ങൾ അനുവദിക്കുന്നതിന് നിഷേധിക്കുന്ന എല്ലാ ഘടകങ്ങളേയും പരിശോധിച്ച്, ഉചിതമായ പരിഹാര മാർഗ്ഗങ്ങൾ ശിപാർശ ചെയ്യുക.

5. ദുരിതമനുഭവിക്കുന്ന കുട്ടികൾ, പാർശ്വവൽക്കരിക്കപ്പെട്ടതും പ്രതികൂലാവസ്ഥയിലുള്ളതുമായ കുട്ടികൾ, നിയമനിഷേധികളായ കുട്ടികൾ, പക്വതയില്ലാത്ത കുട്ടികൾ, കുടുംബമില്ലാത്ത കുട്ടികൾ, തടവുകാരുടെ കുട്ടികൾ ഉൾപ്പെടെ പ്രത്യേക ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ള കുട്ടികളെ സംബന്ധിച്ച സംഗതികൾ കണക്കിലെടുക്കുകയും ഉചിതമായ പരിഹാര മാർഗ്ഗങ്ങൾ ശിപാർശ ചെയ്യുകയും ചെയ്യുക.

6. കുട്ടികളുടെ ഉത്തമ താൽപ്പര്യത്തിനായി സമാധാന ഉടമ്പടികളും മറ്റ് അന്താരാഷ്ട്ര രേഖകളും പഠിക്കുകയും നിലവിലുള്ള നയങ്ങളുടേയും കാര്യപരിപാടികളുടേയും മറ്റ് പ്രവർത്തനങ്ങളുടേയും ആനുകാലിക പുനഃപരിശോധന ഏറ്റെടുക്കുകയും അവയുടെ ഫലപ്രദമായ നടത്തിപ്പിനുവേണ്ടി ശിപാർശകൾ നടത്തുകയും ചെയ്യുക.

7. ബാലാവകാശ മേഖലയിൽ ഗവേഷണം നടത്തുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുക.

8. ബാലാവകാശ സാക്ഷരത പ്രചരിപ്പിക്കുകയും മാധ്യമങ്ങളിലൂടെയും മറ്റും ഈ അവകാശങ്ങളുടെ സംരക്ഷണത്തിന് ലഭ്യമായിട്ടുള്ള സുരക്ഷാ ഏർപ്പാടുകളുടെ അവബോധം പ്രോൽസാഹിപ്പിക്കുകയും ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

9. ബാലസംരക്ഷണ മന്ദിരങ്ങളും മറ്റ് താമസസ്ഥലങ്ങളും പരിശോധിക്കുകയും, ആവശ്യമെന്ന് കാണുന്ന പക്ഷം പരിഹാര നടപടി എടുക്കുകയും ചെയ്യുക.

10. ബാലാവകാശങ്ങൾ നിഷേധിക്കുക, ലംഘിക്കുക, കുട്ടികളുടെ സംരക്ഷണത്തിനും അഭിവൃദ്ധിക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്ന നിയമങ്ങൾ നടപ്പിലാക്കാതിരിക്കുക, കുട്ടികളുടെ കഷ്ടപ്പാടുകൾ ലഘൂകരിക്കുന്നതിന് ലക്ഷ്യമിട്ട നയപരമായ തീരുമാനങ്ങളോ മാർഗ്ഗ നിർദ്ദേശക രേഖകളോ നടപ്പിലാക്കാതിരിക്കുക എന്നീ സംഗതികൾ സംബന്ധിച്ച പരാതികളിൽ അന്വേഷണ വിചാരണ നടത്തുകയും, സ്വമേധയാ പരിഗണനയ്ക്കെടുക്കുകയും ചെയ്യുക

മേൽപ്പറഞ്ഞവ കൂടാതെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ ആക്ട് 2009 അഥവാ ആർ.റ്റി.ഇ. ആക്ട് (Right to Children to Free and Compulsory Education Act, 2009) പ്രകാരം കുട്ടികൾക്കുള്ള വിദ്യാഭ്യാസ അവകാശം സംബന്ധിച്ച കാര്യം നിരീക്ഷിക്കുന്നതിനും, കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള ആക്ട് 2012 (Protection of Children From Sexual Offences Act, 2012) അഥവാ പോക്സോ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതും കമ്മീഷന്റെ ചുമതലയാണ്.

(സി) ബാലാവകാശ ലംഘനവുമായി ബന്ധപ്പെട്ട കേസ്സുകളിലെ അന്വേഷണ വിചാരണയിൽ കമ്മീഷനെ സഹായിക്കുന്നതിനായി ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പദവിയിൽ നിന്നും വിരമിച്ച പോലീസ് ഉദ്യോഗസ്ഥരുടെ പാനൽ തയ്യാറാക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരികയാണ്.

വയോമിത്രം പദ്ധതി

269 (3249) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

'വയോമിത്രം പദ്ധതി' ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയത് ; ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിക്കുന്നുണ്ട് ?

ഉത്തരം

നഗരപ്രദേശങ്ങളിൽ വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകുന്ന വയോമിത്രം പദ്ധതി സംസ്ഥാനത്തെ 14 ജില്ലകളിലും ആരംഭിച്ചുകഴിഞ്ഞു. 5 കോർപ്പറേഷൻ പ്രദേശത്തും 27 മുനിസിപ്പൽ പ്രദേശത്തും പദ്ധതി നടപ്പാക്കുന്നുണ്ട്. നിലവിൽ 127876 പേർക്ക് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് പദ്ധതിയുടെ പ്രയോജനം നേടിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly